## പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1086

20.03..2012 ൽ
മറുപടിയ്ക്ക്

### കടച്ചിക്കുന്ന് പ്രദേശത്തെ ജനങ്ങൾക്ക് കൈവശാവകാശ രേഖ ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എം.വി.ശ്രേയാംസ് കുമാർ | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (റവന്യൂ വകുപ്പ് മന്ത്രി) |
| എ) വയനാട് ജില്ലയിലെ മുപ്പൈനാട് വില്ലേജിൽ കടച്ചിക്കുന്ന് പ്രദേശത്തെ 420 കുടുംബങ്ങൾക്ക് കൈവശാവകാശ രേഖ ലഭിച്ചിട്ടില്ല എന്നത് സംബന്ധിച്ച നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) പ്രസ്തുത നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശം വ്യക്തമാക്കുമോ; | ബി) 25/05/2010-ലെ സർക്കാർ ഉത്തരവ് (സാധാരണ) നം.2443/10 പ്രകാരം സംയുക്ത പരിശോധന നടപടികൾ സ്വീകരിച്ചു വരുന്നു. |
| സി) കടച്ചിക്കുന്ന് പ്രദേശത്തെ നിലവിലുള്ള കുടുംബങ്ങളുടെയും സ്ഥാപനങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ; | സി) 420 കുടുംബങ്ങൾ, ഒരു അംഗനവാടി, ഒരു ഏകാധ്യാപക വിദ്യാലയം, ഒരു മുസ്ലീം പള്ളി, ഒരു ക്ഷേത്രം, ഒരു ക്രിസ്ത്യൻപള്ളി, ഒരു ഹെൽത്ത് സെന്റർ എന്നിവ സ്ഥിതി ചെയ്യുന്നു. |
| ഡി) കടച്ചിക്കുന്ന് നിവാസികൾക്ക് കൈവശാവകാശരേഖ നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ? | ഡി) റിപ്പോർട്ട് ലഭിയ്ക്കുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ